**ഫാറം നം.7**

(ചട്ടം 18(1) കാണുക)

വിജ്ഞാപനം

<u>വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്നപ്രാഥമിക വിജ്ഞാപനം</u>

സി3-26005/15

കളക്ടറേറ്റ്,എറണാകുളം
തീയതി : 04.05.2019

കേരള സർക്കാർ 04.12.2015-)ο തീയതിയിലെ സ.ഉ.(സാധാരണ) നമ്പർ 649/2015/റ.വ വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട്, 30/13) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ എറണാകുളം, പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ (എൽ എ) NH.No.2, ആലുവ സ്പെഷ്യൽ തഹസീൽദാരെ നിയമിച്ചിരിക്കുന്നതിനാലും ;

ഈ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം കളക്ടറേറ്റ് (എൽ.എ) ഡെപ്യൂട്ടി കളക്ടറെ സർക്കാർ നിയമിച്ചിരിക്കുന്നതിനാലും ;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് , അതായത് ,കോട്ടുവള്ളിക്കാട്-വാവക്കാട്, ചെട്ടിക്കാട്-കുഞ്ഞിത്തൈ പാലങ്ങളുടെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ആവശ്യമുണ്ടായേക്കുമെന്ന് കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും ;

ഇപ്പോൾ തൻമൂലം, അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-)0 വകുപ്പ് (1)-)ο ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു

പൊന്നുംവിലയ്ക്കെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടസ്ഥവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസീൽദാർ, എൻ.എച്ച് നം. 2, ആലുവ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താല്പര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം താഴെ കൊടുത്തിരിക്കുന്നു. ആയത് എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റായ www.ernakulam.gov.in ലഭ്യമായിട്ടുള്ളതാണ്

ജില്ല - എറണാകുളം | പട്ടിക | വില്ലേജ് - മൂത്തകുന്നം

താലൂക്ക് - പറവൂർ

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു.)

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| 1 | 95/14-ഭാഗികം | പുരയിടം | 0.0118 | ചെട്ടിക്കാട്-കഞ്ഞിത്തൈ,കോട്ടുവള്ളിക്കാട്-വാവക്കാട് പാലങ്ങളുടെ അപ്രോച്ച് റോഡ് നിർമ്മാണം | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസവീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാത്തതാണ് | 1. കാർത്ത്യായനി,W/o സർവൻ, തറയിൽ വീട്ടിൽ<br>2. സഗീർ, S/o വേലായുധൻ, തൈക്കൂട്ടത്തിൽ<br>3. റോയ്സ്, S/o പരമേശ്വരൻ<br>4. ശിവദാസ് S/o സുന്ദരൻ, പറമ്പത്തുശ്ശേരി |
| 2 | 96/1-ഭാഗികം | പുരയിടം | 0.0045 | | | 1.രശ്മി ദിലീപ്, W/o ദിലീപ് കുമാർ പഴമ്പിള്ളിശ്ശേരിൽ<br>2. സതീശൻ, S/o നാരായണൻ, ചെറായി, വടശ്ശേരിയിൽ |
| 3 | 110/13 | പുരയിടം | 0.0142 | | | 1. സുനിൽ ബാബു, S/o വിജയരാജൻ, പറോത്തറ, ടിയാൻ ഭാര്യ സീന<br>2. അബ്ദുൾ നാസർ, S/o കാദർ, ചെത്തികുളത്ത്<br>3. ജലജ W/o വിശ്വംഭരൻ ഏറനാട്ടു പറമ്പ്<br>4. കണ്ണൻ, S/o രാമൻ എടക്കാട്ട് |
| 4 | 110/12 | പുരയിടം | 0.0066 | | | പത്മനാഭൻ S/o കൃഷ്ണൻ, തൈക്കൂട്ടത്തിൽ വാവക്കാട് കര |
| 5 | 95/3-ഭാഗികം | പുരയിടം | 0.0168 | | | 1.കാർത്ത്യായനി W/o സർവൻ തറയിൽ വീട്ടിൽ<br>2. സഗീർ S/o വേലായുധൻ തൈക്കൂട്ടത്തിൽ<br>3. റോയ്സ്, S/o പരമേശ്വരൻ പൂത്തലത്ത്<br>4.ശിവദാസ് S/o സുന്ദരൻ പറമ്പത്തുശ്ശേരി<br>5.സതീശൻ S/o നാരായണൻ വടശ്ശേരി വീട്ടിൽ |
| | ആകെ | | 0.0539 ഹെക്ടർ | | | |

ല്ല : എറണാകുളം

ാലൂക്ക്:പറവൂർ                                                  വില്ലേജ്-വടക്കേക്കര

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

| ക്രമനമ്പർ | സർവ നം. സബ് ഡിവിഷൻ | വിവരണം | വിസ്തീർണ്ണം (ഹെക്ടറിൽ) | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 99/2 എ പാർട്ട് | പുരയിടം | 0.0125 | ചെട്ടിക്കാട്-കുഞ്ഞിത്തൈ കോട്ടുവള്ളിക്കാട്-വാവക്കാട് പാലങ്ങളുടെ അപ്രോച്ച് റോഡ് | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസവീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാത്തതാണ് | രാജഗോപാലൻ , S/o ഭാസ്കരപിള്ള മേമന വീട്, മാച്ചാത്തുരുത്ത് മുറി |
| 2 | 99/3 എ പാർട്ട് | പുരയിടം | 0.0147 | | | |
| 3 | 99/3 ബി പാർട്ട് | പുരയിടം | 0.0125 | | | |
| 4 | 99/6 പാർട്ട് | പുരയിടം | 0.0045 | | | |
| | ആകെ | | 0.0442 | | | |

## സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്തരൂപം

എസ്.ഐ.എ യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് തയ്യാറാക്കി നൽകിയ സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട്, സ്പെഷ്യൽ തഹസീൽദാർ (എൽ.എ) എൻ.എച്ച് നം, 2, ആലുവ ചെയർമാനായിട്ടുള്ള വിദഗ്ദ സമിതി തയ്യാറാക്കിയ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് എന്നിവ പരിഗണിച്ചതിൽ, പ്രസ്തു ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമായതിനാലും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് കൊണ്ട് ഏതെങ്കിലും കുടുംബങ്ങൾക്കോ പരിസ്ഥിക്കോ പ്രകടമായ യാതൊരു പ്രത്യാഘാതങ്ങളും ഉണ്ടാകുന്നില്ല എന്ന് വിലയിരുത്തിയതിനാലും ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും, പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണ് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പറവൂർ താലൂക്ക്, വടക്കേക്കര വില്ലേജ് 99/2 എ പാർട്ട്, 99/3 എ പാർട്ട്, 99/3 ബി പാർട്ട്, 99/6 പാർട്ട് എന്നീ സർവെ നമ്പറുകളിൽ പ്പെട്ട 0.0442 ഹെക്ടർ വസ്തുവും മൂത്തകുന്നം വില്ലേജ് 95/14, 96/1, 110/12, 110/13, 95/3 എന്നീ സർവെ നമ്പറുകളിൽപ്പെട്ട 0.0539 ഹെക്ടർ വസ്തുവും പൊന്നുംവില നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് എൽ.എ.ആർ.ആർ ആക്ട് 2013 സെക്ഷൻ 8(1), (2) എന്നിവ പ്രകാരം അംഗീകാരം നൽകി 03.11.18 തീയതിയിലെ സി3-26005/15 നം. നടപടിക്രമം പ്രകാരം ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതും ഈ ഉത്തരവിന്റെ പകർപ്പ്, സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ലാന്റ് അക്വസിഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയത് പരസ്യപ്പെടുത്തിയിട്ടുള്ളതു മാണ്. സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിന്റേയും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെയും ആയതിന് അംഗീകാരം നൽകിയ ഉത്തരവിന്റെയും പകർപ്പുകൾ ജില്ലാ

കളക്ടറുടെ ഔദ്യോഗികക വെബ് സൈററിൽ (www.ernakulam.gov.in ) പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പുകൾ എറണാകുളം ജില്ലാ കളക്ടറേറ്റ്, സ്പെഷ്യൽ തഹസീൽദാർ,എൻ.എച്ച് നം. 2 ആലുവ എന്നീ ഓഫീസുകളിലും ലഭ്യമാണ്.

ജില്ലാകളക്ടർ